# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 891 — 30.01.2019-ൽ മറുപടിക്ക്

## മൃഗശാലകൾക്ക് അക്രഡിറ്റേഷൻ

**ചോദ്യം**
ശ്രീ.വി. കെ. സി. മമ്മത് കോയ

**ഉത്തരം**
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ മൃഗശാലകൾ ഏതൊക്കെയാണ് എന്നറിയിക്കാമോ; | (എ) | തിരുവനന്തപുരത്തെ മൃഗശാലയും, തൃശ്ശൂരിലെ മൃഗശാലയുമാണ് കേരളത്തിലെ രണ്ട് മൃഗശാലകൾ. |
| (ബി) | മൃഗശാലകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സംവിധാനം കേരളത്തിൽ നിലവിലുണ്ടോ; എങ്കിൽ ഇത്തരത്തിൽ പരിശീലനം നൽകുന്നുണ്ടോ; | (ബി) | മൃഗശാലകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സംവിധാനം കേരളത്തിൽ നിലവിലില്ല. എന്നിരുന്നാലും മൃഗശാലകളിലെ ജീവനക്കാരെ സംസ്ഥാനത്തിന് പുറത്തുള്ള മൃഗശാലകളിലേക്ക് അയച്ച് പരിശീലനം നൽകുന്നുണ്ട്. |
| (സി) | മൃഗശാലകൾക്ക് ദേശീയ, അന്തർദേശീയ അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | മൃഗശാലകൾക്ക് ദേശീയ, അന്തർദേശീയ അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ നില വിലുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റി യുടെ Rule 9 of Recognition of Zoo Rules 2009 പ്രകാരമാണ് മൃഗശാലകൾക്ക് ദേശീയ തലത്തിൽ അംഗീകാരം നൽകുന്നത്. മൃഗശാലകളുടെ ഏരിയ, സന്ദർശകരുടെ എണ്ണം, മൃഗങ്ങളുടെ ഇനം, മൃഗങ്ങളുടെ എണ്ണം വംശനാശഭീഷണി നേരിടുന്നവയുടെ ഇനം, എണ്ണം എന്നിവ പരിശോധിച്ചാണ് മൃഗശാലകൾക്ക് ദേശീയ തലത്തിൽ അക്രഡിറ്റേഷൻ നൽകുന്നത്. |
| (ഡി) | കേരളത്തിലെ മൃഗശാലകൾക്ക് ഇത്തരത്തിൽ അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | തിരുവനന്തപുരം മൃഗശാലയ്ക്ക് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുകയും, മീഡിയം മൃഗശാലയിൽ നിന്നും വലിയ മൃഗശാലകളുടെ പട്ടികയിലേക്ക് ഉയർത്തിയിട്ടുമുണ്ട്. തൃശ്ശൂർ മൃഗശാലയ്ക്ക് അക്രഡിറ്റേഷൻ പുതുക്കി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**